വാടക പോസ്റ്റ് ഒന്നിന് ഗ്രാമപ്രദേശങ്ങളിൽ 54 രൂപയും നഗര പ്രദേശങ്ങളിൽ 106 രൂപയുമായി പുതുക്കിയിട്ടുണ്ട്.

(എഫ്) പ്രസക്തമല്ല.

**ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള പ്രാദേശിക ആഘോഷങ്ങൾ**

**128 (1672)** ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം മതപരമായ ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ കലണ്ടർ വർഷത്തിൽ ഇതുവരെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പ്രാദേശിക ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ കലണ്ടർ വർഷത്തിൽ ഇതുവരെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവ് നൽകുന്നതിനുള്ള മാനദണ്ഡമോ ഗൈഡുലൈനോ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ശിവരാത്രി, വിഷു, ബക്രീദ്, ഈസ്റ്റർ, പെസഹവ്യാഴം, ദുഃഖവെള്ളി എന്നീ മതപരമായ ആഘോഷങ്ങൾക്ക് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയ പ്രാദേശിക ഉത്സവങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൊതുജന താൽപ്പര്യം കണക്കിലെടുത്താണ് ലോഡ് ഷെഡ്ഡിംഗ്ഗ് ഒഴിവാക്കിയിട്ടുള്ളത്.

**ചേലക്കരയിലും മുള്ളൂർക്കരയിലും നിർമ്മാണമാരംഭിച്ച 33 കെ.വി. സബ് സ്റ്റേഷനുകൾ**

**129 (1673)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചേലക്കരയിലും മുള്ളൂർക്കരയിലും ഓരോ 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മാണം ആരംഭിച്ചശേഷം ഇപ്പോൾ സ്തംഭനാവസ്ഥയിലാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ഏത് കമ്പനിയെയാണ് കരാർ ഏൽപ്പിച്ചിരുന്നത് ;

(സി) പ്രസ്തുത രണ്ട് സബ്സ്റ്റേഷനുകളുടെയും നിർമ്മാണം മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഇവയുടെ നിർമ്മാണം മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ ഇവയുടെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര, മുള്ളൂർക്കര എന്നീ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം, 'ടേൺ കീ' അടിസ്ഥാനത്തിൽ എ. ആർ. എം. ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകിയിരുന്നു. എന്നാൽ കരാർ പ്രകാരം കോൺട്രാക്ടർ പ്രവർത്തനം ആരംഭിക്കാത്തതാണ് നിർമ്മാണം സ്തംഭനത്തിലാവാൻ കാരണം.

(ബി) മെസ്സേഴ്സ് എ.ആർ.എം. ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിക്കാണ് കരാർ ഏൽപ്പിച്ചിരുന്നത്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

(ഇ) 2004 മാർച്ചോടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ആലത്തൂരിലെ 33 കെ. വി. സബ്സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥ**

**130 (1674)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂരിൽ പണികഴിക്കാൻ ഉദ്ദേശിച്ച 33 കെ. വി. സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) സബ്സ്റ്റേഷൻ പണിക്ക് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) തടസ്സങ്ങൾ നീക്കാൻ വൈദ്യുതിവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ പണിക്കായി വകുപ്പ് എന്ത് തുക ചിലവാക്കി ; പണി തീരണമെങ്കിൽ ഇനി എത്ര തുക ആവശ്യമുണ്ട് ; ഈ തുക അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly